


ആമുഖം

**നമ്മൾ**, ഇന്ത്യയിലെ ജനങ്ങൾ, ഇന്ത്യയെ ഒരു പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും ഇന്ത്യയിലെ എല്ലാ പൗരൻമാർക്കും: സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ **നീതിയും**; ചിന്തയ്ക്കും ആശയ പ്രകടനത്തിനും, വിശ്വാസത്തിനും, ഭക്തിക്കും, ആരാധനയ്ക്കുമുള്ള **സ്വാതന്ത്ര്യവും**; പദവിയിലും അവസരത്തിലും **സമത്വവും**; ഉറപ്പാക്കുന്നതിനും; അവർക്കെല്ലാമിടയിൽ വ്യക്തിയുടെ **അന്തസ്സും**, രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പ് വരുത്തുന്ന **സാഹോദര്യം**, എല്ലാവരിലും വളർത്തുന്നതിനും: ദൃഢനിശ്ചയം ചെയ്തുകൊണ്ട്; നമ്മുടെ ഭരണഘടനാ നിർമ്മാണസഭയിൽ വച്ച് 1949 നവംബറിന്റെ ഈ 26-ാം ദിവസം ഭരണഘടനയെ അംഗീകരിക്കുകയും നിയമമാക്കുകയും നമുക്ക് തന്നെ സമർപ്പിക്കുകയും ചെയ്യുന്നു.

ദ സിറ്റിസൺ 2022
ഭരണഘടന സാക്ഷരതാ ക്യാമ്പയിൻ
കൊല്ലം, കേരളം

'ദ സിറ്റിസൺ 2022' കൊല്ലം ജില്ല-സമ്പൂർണ്ണ ഭരണഘടന സാക്ഷരതാ ക്യാമ്പയിന്റെ ഭാഗമായി തയ്യാറാക്കിയ ആമുഖ മാതൃക